**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്ക് ശ്രീ. എം.എസ്. സന്ദീപിന് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ചും അനധികൃത ഹാജരില്ലായ്മക്കാലയളവ് നോൺ ഡ്യൂട്ടിയായി ക്രമീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്**

സ.ഉ(സാധാ) നമ്പർ. 2619/2017/തസ്വഭവ തിരുവനന്തപുരം, തീയതി. 28.07.2017

---

പരാമർശം: 1) ശ്രീ എം.എസ്. സന്ദീപിന്റെ 22.08.2014 ലെ ശൂന്യവേതനാവധിയപേക്ഷ.

2) പഞ്ചായത്ത് ഡയറക്ടറുടെ21.12.2011, 10.07.2012 എന്നീ തീയതികളിലെ ഇ 6-21686/11 നമ്പർ കത്തുകളും, 07.10.2014, 03.05.2016, 23.03.2017 എന്നീ തീയതികളിലെ ഇ 6-22336 നമ്പർ കത്തുകളും.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്ക് ശ്രീ. എം.എസ് സന്ദീപിന് IHRD യുടെ കീഴിലെ പൂഞ്ഞാർ കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ ബി.ടെക്ക് കോഴ്സ് (2008-2012) പൂർത്തിയാക്കുന്നതിലേക്ക് ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം സമർപ്പിച്ച അവധിയപേക്ഷ പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു.

2. ശ്രീ. എം.എസ് സന്ദീപ് 05.07.2011ൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചു. ടിയാൾക്ക് IHRD യുടെ കീഴിലെ പൂഞ്ഞാർ കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ ബി.ടെക്ക് കോഴ്സ് (2008-2012) പൂർത്തിയാക്കുന്നതിലേക്കായി 06.07.2011 മുതൽ 29.03.2013 വരേക്കാണ് അപേക്ഷിച്ചിട്ടുള്ളത്. പൂഞ്ഞാർ കോളേജ് ഓഫ് എഞ്ചിനീയറിംഗ് പ്രിൻസിപ്പൽ നല്കിയ കോഴ്സ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്. 12.04.2012 ൽ കോഴ്സ് കാലാവധി അവസാനിച്ച ശേഷം 30.03.2013 വരെ അനധികൃത ഹാജരില്ലായ്മയിലായിരുന്ന ടിയാന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞു കൊണ്ട് അച്ചടക്ക നടപടി പൂർത്തിയായിട്ടുണ്ടെന്ന് പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിലെ മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്ക് ശ്രീ എം. എസ് സന്ദീപിന് 06.07.2011 മുതൽ 12.04.2012 വരെ കെ.എസ്.ആർ, ഭാഗം I, അനുബന്ധം XII B യിലെ നിബന്ധനകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ചു കൊണ്ടും അവധിയിൽ പ്രവേശിച്ച തീയതിയായ 06.07.2011 - ൽ പ്രൊബേഷൻ പൂർത്തിയാക്കാത്തതിനാൽ, 13.04.2012 മുതൽ 29.03.2013 വരെയുള്ള അനധികൃത ഹാജരില്ലായ്മക്കാലയളവ് മുൻകാല സർവ്വീസ് നഷ്ടമാകും വിധം നോൺ ഡ്യൂട്ടിയായി ക്രമീകരിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**വി.പി. ശ്രീജിത്**
ഗവ. അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം ( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ശ്രീ. എം.എസ്. സന്ദീപ്, ക്ളാർക്ക്, മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത്, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, മൈനാഗപ്പള്ളി ഗ്രാമ പഞ്ചായത്ത്, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ധനവകുപ്പിന് ( 04.06.2017 ലെ 279/ആർബി2/16/ധന നമ്പർ കുറിപ്പ് പ്രകാരം)
വെബ് ആൻഡ് ന്യൂ മീഡിയ(I&PRD)
ഡയറക്ടർ ഐ.കെ.എം ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ആഫീസ് പകർപ്പ് / കരുതൽ ഫയൽ( ഇപിഎ 1/257/15/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ